കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരുമാട്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD/P 11/1630/ 2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/11/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമാട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD/P 11/1630/ 2025 തീയ്യതി: 04/11/2025

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-07-2024 മുതൽ 22-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു. പി	ഡെപ്യൂട്ടി ഡയറക്ടർ	23-09-2025	30-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-09-2025	03-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.വിദ്യ പി - ഓഡിറ്റ് ഓഫീസർ
ശ്രീമതി.സരിത പി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രാജേശ്വരി സി - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അശ്വനി ടി കെ - ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.റിഷ പ്രേംകുമാർ	പ്രസിഡന്റ്	01-04-2024	21-01-2025
ശ്രീ.കൃഷ്ണകുമാർ എ (I/C)	പ്രസിഡന്റ്	22-01-2025	09-02-2025
ശ്രീമതി.ഷീബ.എസ്	പ്രസിഡന്റ്	10-02-2025	31-03-2025
ശ്രീ.രജീഷ്കുമാർ സി സി	സെക്രട്ടറി	01-04-2024	02-04-2024
ശ്രീ.ബിനു പി എൽ	സെക്രട്ടറി	03-04-2024	26-04-2024
ശ്രീ.രജീഷ്കുമാർ സി സി	സെക്രട്ടറി	27-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ശിവരാജൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീ.നവനീത്	വി.ഇ.ഒ. സർക്കിൾ-2	01-04-2024	31-03-2025
ശ്രീമതി. ഷീജി ഡി	വി.ഇ.ഒ. സർക്കിൾ- 1	01-04-2024	31-03-2025
ശ്രീമതി.ഗുണലക്ഷ്മി	ഹെഡ് മിസ്ട്രസ്സ്	01-04-2024	31-03-2025
ശ്രീ.ഉണ്ണി.കെ.എസ്.	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	30-10-2024
ശ്രീ സതീഷ്കുമാർ.എ	അസിസ്റ്റന്റ് എഞ്ചിനിയർ (I/C)	01-11-2024	12-01-2025
ശ്രീമതി.സ്മിത രാജൻ	അസിസ്റ്റന്റ് എഞ്ചിനിയർ	13-01-2025	31-03-2025
ഡോ.ആശ.എസ്.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	09-01-2025
ഡോ.കേശവ പ്രസാദ് എൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം (I/C)	10-01-2025	31-03-2025
ഡോ.റിയാസ് ബി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2024	31-03-2025
ശ്രീമതി.ശ്രീതു.പി.പ്രേമൻ	ശ്രീമതി.ശ്രീതു.പി.പ്രേമൻ	01-04-2024	31-03-2025
ശ്രീമതി.ഷമീന.ജെ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ.മുതൽരാജ്	വെറ്ററിനറി സർജൻ	01-04-2024	23-07-2024
ഡോ.ബാബു	വെറ്ററിനറി സർജൻ (I/C)	24-07-2024	24-09-2024
ഡോ.അരുൺ ഷാനവാസ്	വെറ്ററിനറി സർജൻ	25-09-2024	31-03-2025
ശ്രീമതി.അഫ്സ.എം.എസ്.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	27-10-2024
ശ്രീമതി.സുജിത	ഡയറി ഫാം ഇൻസ്ട്രക്റ്റർ	28-10-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്‍റിന്‍റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	AFS പ്രകാരമുള്ള ചെലവ് സുലേഖ ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-3
5	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-4
6	ഗുണഭോക്തൃവിഹിതം-വിശദാംശങ്ങൾ ലഭ്യമല്ല	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്‍റ് പ്രകാരം)	1-3
9	ഗ്രാന്‍റ് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പു പദ്ധതി	1-6
12	ക്ഷേമപദ്ധതികൾ	1-7
13	ക്യാഷ് വെരിഫിക്കേഷൻ	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്‍റെ വിവരം	1-10
16	രസീതി പ്രകാരമുള്ള വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ	1-11
17	ആംബുലൻസ് വാഹനത്തിന്‍റെ വാടക വരവ് -അപാകങ്ങൾ	1-12
18	മാർക്കറ്റ് റസീപ്റ്റ്സ് -86000രൂപ കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമല്ല,ലേലം ചെയ്തിട്ടില്ല.	1-13
19	ലൈസൻസ് ഫീസ്- അപാകങ്ങൾ	1-14
20	വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവ്-കൃത്യതയില്ല	1-15
21	പാർപ്പിടാവശ്യത്തിനുള്ള അനധികൃത കെട്ടിടത്തിൽ അങ്കണവാടി വാടകയ്ക്ക് പ്രവർത്തിക്കുന്നു	1-16-1
22	അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം-തുടർ നടപടികൾ സ്വീകരിക്കുന്നില്ല	1-16-2
23	അൺ എയ്ഡഡ് സ്കൂളുകൾകളുടെ വസ്തു നികുതി	1-16-3
24	വസ്തുനികുതി ഈടാക്കിയതിലെ അപാകങ്ങൾ	1-16
25	ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക സമയബന്ധിതമായി തയ്യാറാക്കിയിട്ടില്ല	1-17
26	ഗുണഭോക്തൃവിഹിതം ഈടാക്കിയെങ്കിലും ആനുകൂല്യം ലഭിച്ചിട്ടില്ല	1-18
27	സാമൂഹ്യ സുരക്ഷാ പെൻഷൻ അധികം നൽകിയ തുക തിരിച്ചടച്ചത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്	1-19
28	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല	1-20
29	ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി) - പൂർത്തീകരണ വിവരവും ഇല്ല - ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ബാക്കി ഗഡുക്കൾ നൽകിയില്ല	1-21
30	സ്കൂളിലേയ്ക്ക് നാപ്കിൻ വെന്‍റിംഗ് മെഷീൻ വാങ്ങൽ - സർക്കാർ മാർഗ്ഗ നിർദ്ദേശം ഉറപ്പാക്കിയില്ല	1-22
31	സ്പിൽ ഓവർ പ്രോജക്ട് രൂപീകരിക്കാതെ പദ്ധതി നടപ്പാക്കി	1-23
32	ഭിന്നശേഷിക്കാർക്ക് പെട്ടിക്കട വാങ്ങി നൽകൽ - പദ്ധതി പൂർത്തീകരണ രേഖകളില്ല	1-24
33	പഠനമുറി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല	1-25
34	കോക്ലിയർ ഇംപ്ലാന്‍റേഷൻ മെയിന്‍റനൻസ് പദ്ധതി - വിനിയോഗ വിവരം ഇല്ല	1-26
35	ജൽജീവൻ മിഷൻ പദ്ധതി അവലോകനം	1-27
36	ഹെൽത്ത് ഗ്രാന്‍റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം	1-28
	ഭാഗം 2	

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	മെഡിസെപ് ആരോഗ്യ ഇൻഷൂറൻസ് -പ്രീമിയം തുക അടവാക്കിയ വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകിയ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	വാർഷികകണക്ക് സംക്ഷിപ്തം

ഭാഗം -1
പൊതു അവലോകനം

1-1-1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6872081 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+ Investing+ Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)9727628 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 03-07-2025 തീയതിയിലെ 1 (1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 07-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 - ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്
തീയതി:04-11-25

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 AFS പ്രകാരമുള്ള ചെലവ് സുലേഖ ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല

എ) വികസന ഫണ്ട് ടി.എസ്.പി - ചെലവ് സുലേഖ ചെലവുപത്രിക പ്രകാരം 7581147രൂപയാണ്. 145000 രൂപയുടെ വ്യത്യാസം ഉണ്ട്

ബി) വികസന ഫണ്ട് - ജനറൽ സുലേഖ ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല

സുലേഖ പ്രകാരം - 24032548, വാർഷിക കണക്ക് പ്രകാരം - 24755110

സി) സി.എഫ്.സി ഗ്രാന്റ് ചെലവ് സുലേഖ ചെലവ് പത്രികയിലെ ആകെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

ഡി) ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) - സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 705953രൂപയാണ്. 545 രൂപയുടെ വ്യത്യാസം ഉണ്ട്.
ഇ) ജില്ലാ പഞ്ചായത്ത് സുലേഖ പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. സുലേഖ പ്രകാരം 7248001രൂപയും വാർഷിക കണക്ക് പ്രകാരം 6875630രൂപയുമാണ്

1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 ഇ പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 ഗുണഭോക്തൃവിഹിതം-വിശദാംശങ്ങൾ ലഭ്യമല്ല

B-4 പ്രകാരം 622923രൂപ നീക്കിയിരിപ്പ് ഉണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

07-02-2024 തീയതിയിലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

പരിഷ്കരിച്ച ബജറ്റ് 07-02-2025 തീയതിയിലെ 4 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മുന്നിരിപ്പ്	₹14371192
വരവ്	₹490996910
ആകെ	₹505368102
ചെലവ്	₹492502600
നീക്കിയിരിപ്പ്	₹12865502

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹46145832
വരവ്	₹57687441
ആകെ	₹103833273
ചെലവ്	₹50815360
നീക്കിയിരിപ്പ്	₹53017913

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	24826000	24826000	24755110	70890
വികസനഫണ്ട് -എസ്.സി.പി	0	10995000	10995000	10466057	528943
വികസനഫണ്ട് -ടി.എസ്.പി	0	8151000	8151000	7726147	424853

മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	39766000	39766000	34836641	4929359
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	5610000	5610000	4932264	677736
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	4967395	4465172+12660 (Stale Cheque)	9445227	5065438	4379789
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	4296352	9213500	13509852	5184294	8325558
സെൻട്രൽ പെർഫോമൻസ് ഗ്രാന്റ്	0	2009332	2009332	2009332	0

*സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) - AFS പ്രകാരം ചെലവ് 5683273 (I-6+B-3) രൂപയാണ്.

** വികസന ഫണ്ട് ടി.എസ്.പി - ചെലവ് സുലേഖ ചെലവുപത്രിക പ്രകാരം 7581147രൂപയാണ്. 145000 രൂപയുടെ വ്യത്യാസം ഉണ്ട്.

*** വികസന ഫണ്ട് - ജനറൽ സുലേഖ ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല

എ) കേന്ദ്രാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
Total Sanitation	149038	144000	293038	144000	149038
ICDS	1168068	3136415	4304483	2827450	1477033
ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres)	273,415	669090	942505	345557	596948 (**)
ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure)	991338	455089	1446427	706498	739929 (*)
ഹെൽത്ത് ഗ്രാന്റ് (Buildingless Subcentres)	5,611,000	190191	5801191	0	5801191
സ്വച്ഛ് ഭാരത് അഭിയാൻ	0	108000	108000	108000	0

(*) ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) - സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 705953രൂപയാണ്. 545 രൂപയുടെ വ്യത്യാസം ഉണ്ട്.

(**)ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres) B-4, B-17 പ്രകാരം നീക്കിയിരിപ്പ് 628267 ആണ്.

ബി) തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	2433260	2433260	2431151	2109
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	49134099	49134099	49134099	0
ആകെ	0	51567359	51567359	51565250	2109

സി) സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

ശുചിത്വ മിഷൻ ഗ്രാന്റ്	11755	0	11755	11755*	0
ലൈഫ് മിഷൻ (State Share)	300000	0	300000	0	300000

* Total Sanitation ചെലവ് 144000 രൂപയും ശുചിത്വമിഷൻ ഗ്രാന്റ് ചെലവ് 11755രൂപയും ചേർന്ന തുകയായ 155000രൂപ I-6 -ലെ 160100769 എന്ന ശുചിത്വമിഷൻ ഹെഡിലാണ് ചേർത്തിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
308	221769603	228	114804273	80	74

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം	നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം	ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	12	10	30272889	10883579	35.95%
വി.ഇ.ഒ. 1	12	10	3613765	1688728	46.73%
വി.ഇ.ഒ. 2	16	13	48156506	19287808	40.05%
ഐ.സി.ഡി.എസ് സൂപ്പർവൈസർ	14	12	7967202	5815532	72.99%
സെക്രട്ടറി	45	25	21537035	10075129	46.78%
അസിസ്റ്റന്റ് എഞ്ചിനിയർ	136	93	86454239	48131208	55.67%
മെഡിക്കൽ ഓഫീസർ-PHC	20	18	6793142	4801858	70.69%
മെഡിക്കൽ ഓഫീസർ-ആയുർവേദം	4	4	1645200	1644982	99.99%
വെറ്ററിനറി സർജ്ജൻ	11	9	3569621	2486494	69.66%
പ്രധാന അധ്യാപകൻ	14	13	3173094	2769274	87.27%
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	4	4	3000000	3000000	100.00%
അസിസ്റ്റന്റ് സെക്രട്ടറി	20	17	5586910	4219681	75.53%
ആകെ	308	228	221769603	114804273	51.77%

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	2433260	2433260	2431151	2109
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	49134099	49134099	49134099	0
ആകെ	0	51567359	51567359	51565250	2109

1-7 ക്ഷേമപദ്ധതികൾ

ഇനം	ചെലവ്	ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	6,006,000	372
വാർദ്ധക്യ കാല പെൻഷൻ	37,320,000	2632
വികലാംഗ പെൻഷൻ	4,664,700	307
50 വയസ്സ് കഴിഞ്ഞ അവിവാഹിതകളായവർക്കുള്ള പെൻഷൻ	1,206,000	81
വിധവാ പെൻഷൻ	24,274,800.	1667

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2025 തീയിതിയിൽ 3.40 PM സമയത്ത് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 594/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 18/12/2024 പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്. പൗരാവകാശ രേഖ 2024 സെപ്റ്റംബർ ൽ പുതുക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തി വിവരങ്ങൾ കാലികമാക്കേണ്ടതാണ്. പൊതുമരാമത്ത് ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും, കെട്ടിടങ്ങളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ Documentation പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.പ്രവൃത്തികളിൽ പി.ഡബ്ല്യൂ.ഡി. മാന്വൽ കർശനമായി പാലിക്കേണ്ടതാണ്.

പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2022 മെയ് മാസം നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2021-22 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 07/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

1-11 രസീതി പ്രകാരമുള്ള വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

രസീതി പ്രകാരമുള്ള വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. 30.11.2024 തീയതിയിൽ രസീത് പ്രകാരം പിരിച്ചെടുത്ത തുക 02.12.2024തീയതിയിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി.

രസീത് ബുക്ക് നം 37912ൽ രസീത് നം- 50 മുതൽ 100 വരെയും രസീത് ബുക്ക് നം 37914ൽ രസീത് നം- 1 മുതൽ 61 വരെയും വരെയും രസീതുകളിലായി 25000രൂപ 30.11.2024തീയതിയിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയ 02.12.2024 തീയതിയിലാണ് ക്യാഷ് ബുക്കിന്റെ വരവ് ഭാഗത്തും ചെലവ് ഭാഗത്തും രേഖപ്പെടുത്തിയിട്ടുള്ളത്. തുക ലഭ്യമായ ദിവസം തന്നെ ക്യഷ് ബുക്കിന്റെ വരവ് ഭാഗത്ത് ഈ തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. ഉപയോഗിക്കാത്ത രസീത് ബുക്കുകൾ ക്യാൻസൽ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവധ നിർവ്വഹണോദ്യോഗസ്ഥർക്ക് 2024-25 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള രസീത് ബുക്കുകളിൽ 31.03.2025 ശേഷം ഉപയോഗിക്കാതെ അവശേഷിച്ചിട്ടുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ- ബുക്ക് നം 37913 (2 മുതൽ 100 വരെ)

കൃഷി ഓഫീസർ- ബുക്ക് നം 37915 (43 മുതൽ 100 വരെ)

വെറ്റിനറി സർജൻ- ബുക്ക് നം 37915-37920

മേൽ രസീതുകൾ ക്യാൻസൽ ചെയ്ത് അറിയിക്കേണ്ടതാണ്.

3. തീയതി രേഖപ്പെടുത്തിയിട്ടില്ല, ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല, തുക അടവാക്കിയ വ്യക്തികൾക്ക് രസീതിയുടെ പകർപ്പ് നൽകിയിട്ടില്ല

കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുള്ള 37915 നം രസീത് ബുക്കിൽ 1 മുിതൽ 42 വരെ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല, ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല, തുക അടവാക്കിയ വ്യക്തികൾക്ക് രസീതിയുടെ പകർപ്പും നൽകിയിട്ടില്ല. രസീതിയുടെ അടയാളം പതിഞ്ഞിട്ടില്ലാത്ത പകർപ്പ് രേഖപ്പെടുത്തൽ ഇല്ലാതെ ശൂന്യമായി തന്നെ അവശേഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ തീയതി രേഖപ്പെടുത്താതെ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെ എഴുതിയിട്ടുള്ള രസീതിന്റെയും രേഖപ്പെടുത്തലുകൾ ഇല്ലാതെ രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടുള്ളതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/29.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 ആംബുലൻസ് വാഹനത്തിന്റെ വാടക വരവ് -അപാകങ്ങൾ

I. ദൈനംദിന കളക്ഷൻ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം

പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് വാഹനത്തിന്റെ വാടക വരവ് പരിശോധിച്ചതിൽ രസീതി പ്രകാരമുള്ള വരവ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	രസീത് നം & തീയതി	വരവ്	ഗ്രാമപഞ്ചായത്തിൽ അടവാക്കിയ തീയതി
1	13 Dtd 16.08.2025	1000	23.08.2024
2	15 Dtd 24.08.2024	1000	02.09.2024
3	25 Dtd 18.09.2024	1300	04.10.2024
4	28 Dtd 23.09.2024	1200	04.10.2024
5	37 Dtd 13.10.2024	5500	30.10.2025
6	17.10.2024 മുതൽ 01.11.2024 വരെ (38 To 43)	8000	05.11.2024

7	21.11.2024 മുതൽ 30.11.2024 വരെ (47 To 52)	6500	10.12.2024
8	19.12.2024 മുതൽ 05.01.2025 വരെ (60 To 64)	8300	24.03.2025
9	06.01.2025 മുതൽ 07.01.2025 വരെ (65 To 66)	3800	28.03.2025

06.01.2025 മുതൽ 07.01.2025 വരെയുള്ള വരവ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത് 28.03.2025 തീയതിയിലാണ്. രണ്ടര മാസത്തോളം കാലതാമസം ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള കരട് ബൈലോയിൽ രസീത് മുഖേന പിരിച്ചെടുക്കുന്ന തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 ആർട്ടിക്കിൾ 7(2) പ്രകാരം ദൈനംദിന കളക്ഷൻ തുക തൊട്ടടുത്ത പ്രവർത്തിദിവസം തന്നെ ബാങ്കിൽ അടവാക്കേണ്ടതും ആർട്ടിക്കിൾ 7(3) പ്രകാരം ബാങ്കിൽ കൃത്യമായി പണം അടവാക്കി എന്ന് ഉറപ്പുവരുത്തുന്നതിനായി ചലാൻ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. പിരിച്ചെടുത്ത പണം ഇപ്രകാരം ഒടുക്കാതെ മാസങ്ങളോളം കയ്യിൽ സൂക്ഷിക്കുന്നത് സാമ്പത്തിക ക്രമക്കേടാണ്. കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

Ii. ബൈലാ– സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്

പെരുമാട്ടി ഗ്രാമ പഞ്ചായത്തിൽ 19.08.2014 തിയ്യതി നടന്ന സാധാരണ മീറ്റിംഗിലെ 4-ാം നമ്പർ തീരുമാനം പ്രകാരം ആംബുലൻസ് സർവ്വീസ് നടത്തിപ്പിനുള്ള കരട് ബൈലാ അംഗീകരിക്കാനും ബന്ധപ്പെട്ടവർക്ക് ആയതിന്റെ പകർപ്പ് സമർപ്പിച്ച് അംഗീകാരം വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 08.10.2015 ലെ സി5-33134/15 നമ്പർ കത്തിൽ ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കുന്ന ആംബുലൻസ് സർവ്വീസ് നടത്തിപ്പിനുള്ള ബൈലായ്ക്ക് അംഗീകാരം നൽകുന്നതിൽ സർക്കാരിനോട് മാർഗ്ഗ നിർദ്ദേശങ്ങൾ ആരാഞ്ഞ് കത്തയച്ചതായും സർക്കാർ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിച്ച ബൈലാ സംബന്ധിച്ച തീരുമാനം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ബൈലായുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

Iii. രസീതി ബുക്ക് പ്രിന്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

30.07.2024 തീയതിൽ ആംബുലൻസ് ഡ്രൈവർക്ക് രസീത് ബുക്ക് (നം-1) വിതരണം ചെയ്തിട്ടുണ്ട്. ഈ ഒരു രസീത് ബുക്ക് മാത്രമാണ് പ്രിന്റ് ചെയ്തിട്ടുള്ളതും അനുവദിച്ചിട്ടുള്ളതും. ഗ്രാമലക്ഷ്മി മുദ്രാലയത്തിലാണോ രസീത് ബുക്ക് പ്രിന്റ് ചെയ്തു നൽകുന്നതെന്ന് വ്യക്തമല്ല.
ആംബുലൻസ് ഡ്രൈവർക്ക് അനുവദിക്കുന്ന രസീത് ബുക്കുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിലാണോ പ്രിന്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. മേൽ ഖണ്ഡികകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/29.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 മാർക്കറ്റ് റസീപ്റ്റ്സ് -86000രൂപ കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമല്ല,ലേലം ചെയ്തിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ (B15) മാർക്കറ്റ് റസീപ്റ്റ്സിന്റെ കുടിശ്ശിക ഇനത്തിൽ 86000രൂപ ഈടാക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ കുടിശ്ശിക വിശദാംശങ്ങൾ (ഈടാക്കാനുള്ള വ്യക്തികൾ, കാലയളവ് എന്നിവ) ലഭ്യമല്ല. തൻവർഷം ഈ ഇനത്തിൽ വരവും ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് തൻവർഷം ലേലം ചെയ്തിട്ടുമില്ല. മാർക്കറ്റ് തൻവർഷം ലേലം ചെയ്തിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും 86000രൂപ കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 ലൈസൻസ് ഫീസ്- അപാകങ്ങൾ

1. ലൈസൻസ് ഫീസ് 4400രൂപ കുറവായി ഈടാക്കി

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികII പ്രകാരമുള്ള മൂലധന നിക്ഷേപത്തിനാനുപാതികമായി ഈടാക്കേണ്ട ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. അതിൻ പ്രകാരം മൂലധന നിക്ഷേപം സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലും, 2 കോടി രൂപയിൽ അധികരിക്കാത്തതുമായവയ്ക്ക് ഈടാക്കേണ്ട ഫീസ് നിരക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ വിഭാഗം	മേഖല	മൂലധന നിക്ഷേപം	ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ)
1	സ്മാൾ എന്റർപ്രൈസസ്	സേവന മേഖല	25 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും	5000

എന്നാൽ ചുവടെ ചേർത്ത സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത്.

ക്രമ നം.	ലൈസൻസ് നമ്പർ & തീയതി	സ്ഥാപനത്തിന്റെ പേര്	മൂലധന നിക്ഷേപം	ഈടാക്കേണ്ട ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ്	കുറവ്
1	16/2024-25 /JC1/915 Dtd 05.04.2024	ബിന്ദു ജ്വല്ലറി	80 ലക്ഷം	5000	600	4400

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. കുറവായി ഈടാക്കിയ 4400 രൂപ ഭരണതലനടപടികളിലൂടെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈടാക്കി അറിയിക്കേണ്ടതും തുക അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

2.സ്ഥാപനം ആരംഭിക്കുന്നതിനുള്ള മൂലധന നിക്ഷേപം പരിഗണിക്കാതെ സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 3 സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾക്കാണ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ലൈസൻസ് നമ്പർ & തീയതി	സ്ഥാപനത്തിന്റെ പേര്	മൂലധന നിക്ഷേപം	ഈടാക്കിയ ലൈസൻസ് ഫീസ്
1	100/2024-25 /JC1/1447 Dtd 10.04.2024	കേരള ഗോൾഡ് ജ്വല്ലറി	4 ലക്ഷം	600
2	16/2024-25 /JC1/915 Dtd 05.04.2024	ബിന്ദു ജ്വല്ലറി	80 ലക്ഷം	600
3	27/2024-25 /JC1/1519 Dtd 06.04.2024	പ്രിൻസി ജ്വല്ലറി	1 ലക്ഷം	400

മേൽ പട്ടിക പരിശോധിച്ചാൽ ക്രമ നമ്പർ 1, 3 എന്നിവ പ്രകാരമുള്ള ജ്വല്ലറികൾ യഥാക്രമം 4 ലക്ഷം, 1 ലക്ഷം എന്നിങ്ങനെയാണ് മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് തെറ്റിദ്ധരിപ്പിക്കുന്നതും വാസ്തവത്തിന് നിരക്കാത്തതുമാണ് എന്നത് ഈ കാലയളവിലെ സ്വർണ്ണ വില പരിശോധിച്ചാൽ തന്നെ വ്യക്തമാകുന്നതാണ്. സ്വർണ്ണവ്യാപാര സ്ഥാപനം ആരംഭിക്കുന്നതിന് ആവശ്യമായ മൂലധന നിക്ഷേപം സ്ഥല പരിശോധനയിലൂടെ കൃത്യമായി കണക്കാക്കാവുന്നതുമാണ്. ഇതൊന്നും പരിഗണിക്കാതെ 1 ലക്ഷം രൂപ വരെ കുറഞ്ഞ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുള്ള മേൽ അപേക്ഷകരിൽ നിന്ന് എപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളുടെ യഥാർഥ മൂലധന നിക്ഷേപം പരിശോധിച്ചുറപ്പുവരുത്തി ബാധകമായ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവ്-കൃത്യതയില്ല

2024-25 സാമ്പത്തിക വർഷത്തെ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവ് 1,71,150/-രൂപയാണ് (RP-45 കോഡ് -431120105). എന്നാൽ തൊഴിൽ നികുതി റിട്ടേണുകൾ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററിൽ 170 വ്യാപാരികളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിലെ ക്രമനം 1മുതൽ 45 വരെ വ്യാപാരികളിൽ നിന്ന് 600രൂപ വീതവും ക്രമനം 46മുതൽ 170 വരെ വ്യാപാരികളിൽ നിന്ന് 900രൂപ വീതവും വരവ് ലഭിച്ചിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ 85500എന്ന് സംക്ഷിപ്തം രേഖപ്പെടുത്തയിട്ടുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം വരേണ്ട തുക 139500രൂപ ((45*600)+(125*900)=27000+112500=139500) ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/04.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1), (2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്.

തൊഴിൽ നികുതി റിട്ടേണുകളോ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളോ ഒന്നും തന്നെ ഇല്ലാത്തതിനാൽ 2024-25 സാമ്പത്തിക വർഷത്തെ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവായ 1,71,150/- രൂപയുടെ കൃത്യത പരിശോധിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-16-1 പാർപ്പിടാവശ്യത്തിനുള്ള അനധികൃത കെട്ടിടത്തിൽ അങ്കണവാടി വാടകയ്ക്ക് പ്രവർത്തിക്കുന്നു

സെന്റർ നം-83, ഇഎംഎസ് കോളനി അങ്കണവാടി പ്രവർത്തിക്കുന്നത് UA10/276 നം അനധികൃത കെട്ടിടത്തിലാണ്. 30.05.2024 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ, LSGD സെക്ഷൻ ഈ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.
കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം- UA10/276

ഉടമസ്ഥന്റെ പേര് - കാർത്തിക, W/O ശെൽവരാജ് , എല്ലക്കാട്,മീനാക്ഷിപുരം

തറ വിസ്തീർണ്ണം - 36 ച. മീ

ഉപയോഗക്രമം -പാർപ്പിടാവശ്യം, വീടുകൾ

അടിസ്ഥാന വസ്തു നികുതി നിരക്ക്(ച .മീ) - 5രൂപ

നികുതി നിലവിൽ വന്ന വർഷം 2018-Ist Half

ഈടാക്കുന്ന വാർഷിക വസ്തുനികുതി - 564 രൂപ

മേൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടിയുടെ വാടക ഇനത്തിൽ പ്രതിമാസം 2000രൂപ ,സാമൂഹിക നീതി വകുപ്പിൽ നിന്നും കെട്ടിട ഉടമയ്ക്ക് അനുവദിക്കുന്നതായി ബന്ധപ്പെട്ട ഐസിഡിഎസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.
പാർപ്പിടാവശ്യത്തിനുള്ള മേൽ അനധികൃത കെട്ടിടത്തിൽ സെന്റർ നം-83, ഇഎംഎസ് കോളനി അങ്കണവാടി വാടകയ്ക്ക് പ്രവർത്തിക്കുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/3.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(5) വകുപ്പ് പ്രകാരം നിയമാനുസൃതം അല്ലാതെ നിർമ്മിച്ചതും (3)-ആം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും 235ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം ഗ്രാമപഞ്ചായത്ത് ഏതെങ്കിലും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

1-16-2 അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം-തുടർ നടപടികൾ സ്വീകരിക്കുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 201 അനധികൃത കെട്ടിടങ്ങളാണ്

സ്ഥിതിചെയ്യുന്നത്. അവയിൽ ഭൂരിഭാഗവും പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളാണ്. അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ വസ്തുനികുതി ഈടാക്കി വരുന്നതല്ലാതെ അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല.

സംസ്ഥാനത്തെ ഏതെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2019 നവംബർ ഏഴാം തീയതിയോ അതിനു മുമ്പോ നിർമ്മാണം നടന്നതോ പൂർത്തീകരിച്ചതോ ആയ അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായിട്ടുള്ള 2024ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം (09.02.2024 തീയതിയിലെ സ.ഉ.(പി)നം-21/2024/LSGD) അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം-14/03.10.2025). തുടർ നടപടികൾ സ്വീകരിക്കാതെ 201 കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി തുടരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതുമാണ്.

1-16-3 അൺ എയ്ഡഡ് സ്കൂളുകൾകളുടെ വസ്തു നികുതി

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള, വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18ആം ഭേദഗതി ആക്ടിലൂടെ (2023 ലെ കേരള ധനകാര്യ(2-ാം നമ്പർ) ആക്റ്റ്) 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. അതിനാൽ 2023-24 വർഷം മുതൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി ഡിമാന്റ്ചെയ്യേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01.06.2007 തീയതിയിലെ ജി.ഒ.(ആർ.ടി) 2427/2007/പൊതുവിദ്യാഭ്യാസം നമ്പർ ഉത്തരവ് പ്രകാരം, അസിസ്റ്റന്റ് എഞ്ചിനീയർ അൺഎയ്ഡഡ് ഉൾപ്പടെയുള്ള സ്കൂളുകൾ പരിശോധിക്കേണ്ടതും സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന റോയൽ ഇന്ത്യൻ സ്കൂൾ കൂമൻകാട് എന്ന സ്കൂളിന് അസിസ്റ്റന്റ് എഞ്ചിനീയർ 20.05.2024 തീയതിയിലും ന്യൂയൽ പബ്ളിക് സ്കൂളിന് 14.02.2025 തീയതിയിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരവും സഞ്ചയ പ്രകാരവും ഉള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു. (അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ)-5രൂപ)

ക്രമ നം	സ്കൂളിന്റെ പേര്	കെട്ടിട നം	വിസ്തീർണ്ണം (ചതുരശ്ര മീറ്റർ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം)	സ്ഥലവിസ്തീർണ്ണം (ചതുരശ്ര മീറ്റർ)	റിമാർക്സ്
1	റോയൽ ഇന്ത്യൻ സ്കൂൾ	1/518	1154.97 Ground Floor-67.78m X 8.53m First Floor - 67.78m X 8.53m (16 ക്ളാസ് മുറികളുടെ ആകെ വിസ്തീർണ്ണം	708 (ഉപയോഗം-സ്കൂൾ,മറ്റുള്ളവ)	2013 1st Half മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. (ഈടാക്കുന്ന വാർഷിക വസ്തുനികുതി-5533)
		1/526		631 (ഉപയോഗം-സ്കൂൾ,മറ്റുള്ളവ)	2013 2nd Half മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. (ഈടാക്കുന്ന വാർഷിക വസ്തുനികുതി-4932)

ആകെ			1154.97	1339	
2	ന്യൂയൽ പബ്ലിക് സ്കൂൾ, വാവക്കോട്	4/541	Building No-1 177.45 Building No-2 102.23 Building No-3 255.68 Toilet Area-37.06	356.49	2019 1st Half മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. (ഈടാക്കുന്ന വാർഷിക വസ്തുനികുതി-2066)
		4/542		223.08	2019 1st Half മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. (ഈടാക്കുന്ന വാർഷിക വസ്തുനികുതി-1293)
		4/543		129.9	2019 1st Half മുതൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. (ഈടാക്കുന്ന വാർഷിക വസ്തുനികുതി-754)
ആകെ			572.42	709.9	

അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലവിസ്തീർണ്ണം സ്കൂളിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ആകെ വിസ്തീർണ്ണമാണോ എന്ന് വ്യക്തമാക്കേണ്ടതും അതിൽ നിന്നു വ്യത്യസ്തമായി മേൽ സ്ക്കൂൾ കെട്ടിടങ്ങൾക്ക് സഞ്ചയയിൽ അധികവിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തിൽ നിന്ന് വ്യത്യസ്തമായി സഞ്ചയയിൽ അധികവിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതും, നിലവിൽ നികുതി ഈടാക്കുന്നത് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളതും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാളും കുറവാണോയെന്നത് പരിശോധിച്ച് ഉറപ്പാക്കി, കുറവാണെങ്കിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

1-16 വസ്തുനികുതി ഈടാക്കിയതിലെ അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രേഖകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയുടെ പരിശോധനയിൽ വസ്തുനികുതി വരവിൽ കണ്ടെത്തിയ അപാകങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

1-17 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക സമയബന്ധിതമായി തയ്യാറാക്കിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] അദ്ധ്യായം 6 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ (റീകൺസിലിയേഷൻ) പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്) തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2025 ഏപ്രിൽ,മെയ്,ജൂൺ, ജൂലൈ,ഓഗസ്റ്റ് മാസങ്ങളിലെ റീകൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.

Sl No	Bank	Account No
1	CANARA BANK COVID DONATION	6496101002310

Sl No	Bank	Account No
2	CANARA BANK -HEALTH GRANT	110042594579
3	CANARA BANK -MGNREGA	0740101026181
4	CANARA BANK - OWN FUND & EPAY	0740101028873
5	CANARA - HEALTH GRANT	110042594760
6	CANARA - HEALTH GRANT BUILDINGLESS SUBCENTERS,PHCS & LHCS	110042595470
7	IDBI - SUCHITHA MISSION	0336104000221160
8	OTHER CO-OPERATIVE BANK - OWN FUND	102010000363
9	PERUMATTY SCB - DISTRESS RELEIF	102010017135
10	SOUTH INDIAN BANK CURRENT	0093073000000300
11	SOUTH INDIAN BANK	0093073000000295
12	SOUTH INDIAN BANK CFC	0093053000041859
13	SUB TREASURY CHITTUR - JOINT VENTURE	799011400001529
14	SUB TREASURY, CHITTUR -OWN FUND	799013000000907
15	THE SOUTH INDIAN BANK -OWN FUND	93053000041390

പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/03.10.2025) മറുപടി ലഭ്യമാക്കിയതിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ നിർമ്മിച്ചു പരിപാലിച്ചു വരുന്നത് ഇൻഫർമേഷൻ കേരള മിഷൻ ആയതിനാൽ ഗ്രാമപഞ്ചായത്തിന് പ്രസ്തുത സോഫ്റ്റ്‌വെയറിൽ യാതൊരു നിയന്ത്രണവും ഇല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. 2025 ഏപ്രിൽ മാസം മുതലുള്ള റീകൺസിലിയേഷൻ ചെയ്യുന്നതിന് മോഡ്യൂൾ തയ്യാറാക്കി നൽകാത്തതിനാലാണ് റീകൺസിലിയേഷൻ പത്രികൾ സമർപ്പിക്കാൻ കഴിയാത്തത് എന്നും അറിയിച്ചിട്ടുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ റീകൺസീലിയേഷൻ ചെയ്യുന്നതിനായി മോഡ്യൂൾ തയ്യാറാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജിസ്ട്രേഷൻ നമ്പർ-28160 Dated 3.10.2025). തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

<u>1-18 ഗുണഭോക്തൃവിഹിതം ഈടാക്കിയെങ്കിലും ആനുകൂല്യം ലഭിച്ചിട്ടില്ല</u>

പ്രൊജക്ട് നം.	332/25 (New) പെണ്ണാടിനെ വളർത്തൽ (എസ്.സി.പി)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ
അടങ്കൽ	360000 (270000വികസനഫണ്ട് -എസ്.സി.പി, 90000 ഗുണഭോക്തൃവിഹിതം)
ചെലവ്	1,80,000 (1,35,000 -വികസനഫണ്ട്, 45000 ഗുണഭോക്തൃവിഹിതം)
ട്രഷറി ബിൽ നം./തീയതി/തുക	1. 15/15.02.25 – 1,20,000 2. 23/26.03.25- 15,000
തുക, ചെക്ക് നം /തിയ്യതി	1) 40,000- 148414/SIB/ 390/12.03.25 2) 5000-158376/SIB/390/28.03.25

6-8 മാസം പ്രായമുള്ളതും 12 കിലോ ഗ്രാം എങ്കിലും ഭാരമുള്ളതുമായ പെണ്ണാടിനെ സബ്സിഡി

നിരക്കിൽ ജീവനോപാധിയാകുന്ന രീതിയിൽ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. 36 ഗുണഭോക്താക്കൾക്കുള്ള അടങ്കൽ തുക വച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. 2024-25 വർഷം 18 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ 19 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുണ്ട് (രസീത് ബുക്ക് 37920 ലെ ക്രമ നം 1 മുതൽ 19 വരെയുള്ള രസീതികൾ).

ശ്രീമതി ശക്തിപ്രിയ D/O കാളിമുത്തു എന്ന ഗുണഭോക്താവ് രസീത് നം 6/37920 (തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം 2500 രൂപ അടവാക്കിയെങ്കിലും ഇവർക്ക് ആനുകൂല്യം നൽകിയിട്ടില്ല എന്നു കാണുന്നു. അപേക്ഷകളുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയതിൽ ഈ ഗുണഭോക്താവിന്റെ രേഖകൾ ഇല്ല. ഈ ഗുണഭോക്താവിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടും ആടിനെ വാങ്ങി വിവരം ലഭ്യമാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം 10/27.09.25) മുഖേന ആവശ്യപ്പെട്ടതിന് മറുപടിയായി താഴെ പറയുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താവിനോട് ആടിനെ വാങ്ങി വിവരം അറിയിക്കണമെന്നത് പല തവണ അറിയിച്ചെങ്കിലും തയ്യാറായിട്ടില്ല എന്നും വ്യക്തിയുടെ വീട് സന്ദർശിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും ആടിനെ ലഭ്യമായില്ല എന്നാണ് മറുപടി ലഭ്യമായത് എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഗുണഭോക്താവിന് 6-8 മാസം പ്രായമുള്ളതും 12 കിലോ ഗ്രാം എങ്കിലും ഭാരമുള്ളതുമായ ആടിനെ ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം ഗുണഭോക്തൃവിഹിതം ഇനത്തിൽ ഈടാക്കിയ തുക ഗുണഭോക്താവിന് തിരികെ നൽകേണ്ടതുമാണ്.

1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ അധികം നൽകിയ തുക തിരിച്ചടച്ചത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ ഇടക്ക് വച്ച് അനർഹരായതിനാൽ അനർഹമായ കാലയളവിലെ തുക തിരിച്ചടച്ചിട്ടുണ്ട്. ഈ തുക നാളിതു വരെയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

1. മുംതാജ്, വണ്ടിത്താവളം (Wefare Pension Refund For 21 Months 2022Nov To 2024 Aug)

രസീത് നം 1240102930/G090904 തിയ്യതി 18.01.25

തുക- 39648 (21x1600=33600+ 18% 6048=39648)

(വിധവാ പെൻഷൻ കൈപ്പറ്റിയിരുന്ന ശ്രീമതി മുംതാജ് ന് പാർട്ട് ടൈം സ്വീപ്പർ ആയി ജോലി ലഭിച്ചതിനെ തുടർന്ന് തിരിച്ചടച്ചത്)

ഈ വിവരം ഓഡിറ്റ് അന്വേഷണം നം 21/04.10.25 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക എത്രയും വേഗം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല

സ.ഉ(കൈ)നം.115/2022/LSGD, തീയതി.28.05.2022, പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3.9 പ്രകാരം എല്ലാ വിഭാഗങ്ങൾക്കും ഒരു ലിറ്റർ പാലിന് 3രൂപ നിരക്കിൽ ഒരു വർഷത്തിൽ പരമാവധി സബ്സിഡി 40000രൂപ അനുവദിക്കാവുന്നതാണ്. ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവർ പദ്ധതി ഉൾപ്പെടെ 2 ജനറൽ പ്രൊജക്ടും 2 എസ്.സി.പി പ്രൊജക്ടും കൂടി ആകെ 4 പദ്ധതികൾ പ്രകാരം സബ്സിഡി അനുവദിച്ചിട്ടുണ്ട്. അവയിൽ ജനറൽ വിഭാഗം പ്രൊജക്ട് പ്രകാരം 2 മാസങ്ങളിലായി അനുവദിക്കാവുന്ന നിരക്കിനേക്കാൾ കുറവ് തുകയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളതെന്ന് ടി രണ്ടു പദ്ധതികളിലുമായി ഏപ്രിൽ, മെയ് മാസങ്ങളിൽ ആകെ അളന്ന പാലിന്റെ കണക്കുകളും ചെലവഴിച്ച തുകകളും തമ്മിൽ ഒത്തുനോക്കിയതിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട്	അടങ്കൽ	ചെലവ്	ആകെ പാലളവ് (ലിറ്റർ)	ആകെ പാലളവ് (ലിറ്റർ)	നൽകിയ സബ്സിഡി നിരക്ക് (ഏപ്രിൽ)	നൽകിയ സബ്സിഡി നിരക്ക് (മെയ്)

209/25 (SO) ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	1200000 (വികസന ഫണ്ട് - ജനറൽ 600000, ജില്ലാ പഞ്ചായത്ത് വിഹിതം - 600000)	1200000 (വികസന ഫണ്ട് - ജനറൽ 600000, ജില്ലാ പഞ്ചായത്ത് വിഹിതം - 600000)	ഏപ്രിൽ 2023	മെയ് 2023	ആകെ പാലളവ് X 1.12000687 (ഗ്രാമ പഞ്ചായത്ത് വിഹിതം)	ആകെ പാലളവ് X 1.025795 (ജില്ലാ പഞ്ചായത്ത് വിഹിതം)
			535711	584912		
80/25 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	-ടി -	-ടി -	ഏപ്രിൽ 2024	മെയ് 2024	ആകെ പാലളവ് X 1.05888 (ഗ്രാമ പഞ്ചായത്ത് വിഹിതം)	ആകെ പാലളവ് X 1.002534 (ജില്ലാ പഞ്ചായത്ത് വിഹിതം)
			566636	598483		

2 പദ്ധതികളിലായി ഗ്രാമപഞ്ചായത്ത് പരിധിയിലെ 11 ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായി പരമാവധി നിരക്കിൽ പാലളവിന് സബ്സിഡി നൽകുവാൻ സാധിച്ചിട്ടില്ല. 2രൂപയോ 2.5രൂപയിൽ താഴെയോ ആണ് 2023, 2024 ഏപ്രിൽ, മെയ് മാസങ്ങളിലായി നൽകിയിട്ടുള്ളത്. സംയുക്ത പ്രൊജക്ടിന് സർക്കാർ ഉത്തരവുപ്രകാരമുള്ള പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധം വിഹിതം ഉറപ്പുവരുത്തി പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല.

ക്ഷീരകർഷകർക്ക് പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധം വിഹിതം ഉറപ്പുവരുത്തി പദ്ധതി ആവിഷ്ക്കരിക്കാതെ 2 മാസങ്ങളിലായി മാത്രം അനുവദിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/04-10-25) മറുപടി ലഭ്യമാക്കിയിട്ടില്ല.

സംയുക്ത പദ്ധതികൾ മുഖേന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും വിഹിതം യഥാസമയം ലഭ്യമാക്കിയും, തനത് ഫണ്ടിൽ നിന്നും കൂടുതൽ തുക വകയിരുത്തിയും ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷത്തിലെ മുഴുവൻ കാലയളവിലും അർഹമായ നിരക്കിൽ സബ്സിഡി നൽകുന്നതിന് ഉതകുംവിധം പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വരുംവർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി) - പൂർത്തീകരണ വിവരവും ഇല്ല - ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ബാക്കി ഗഡുക്കൾ നൽകിയില്ല

വി ഇ ഒ – സർക്കിൾ 2 നിർവഹണോദ്യോഗസ്ഥനായി ലൈഫ് മിഷൻ പദ്ധതിയ്ക്കായി എസ്.സി.പി ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട്	അടങ്കൽ	ചെലവ്
27/25 ലൈഫ് മിഷൻ - എസ്.സി.പി	9671848 (വികസനഫണ്ട്- എസ്.സി.പി - 2999244 + സംസ്ഥാനാവിഷ്കൃതം –2500000+ തനത് ഫണ്ട് - 172604 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 2000000 + ജില്ലാ പഞ്ചായത്ത് വിഹിതം – 2000000)	3469244 (വികസനഫണ്ട്- എസ്.സി.പി - 2999244 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 470000)

ലൈഫ് 2020 പ്രകാരം 2024-25 വർഷത്തിൽ എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ട 40 പേരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. അവരിൽ 3 പേർ ആദ്യഗഡു മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	ലൈഫ് ഐ.ഡി	ആദ്യ ഗഡു അനുവദിച്ചത്	ആകെ അനുവദിച്ച തുക
1	തങ്കമണി, മുതലാംതോട് വാർഡ് - 6	536744	31-08-24	40000
2	അനിത, W/O ശിവരാമൻ, അണ്ണാക്കോട് വാർഡ് - 18	459503	31-08-24	40000
3	അനിത, W/O സുരേഷ്, പറക്കളം, വിളയോടി വാർഡ് - 2	57765	31-08-24	40000

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗതി/നിലവിലെ സ്ഥിതിവിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.22/04-10-25) മറുപടിയിൽ ക്രമ നം.1 – ലെ ഗുണഭോക്താവ് ആരോഗ്യപ്രശ്നങ്ങളാലും സാമ്പത്തിക ബുദ്ധിമുട്ടിനാലും നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു എന്നും ക്രമ നം.2, 3 എന്നിവയിലെ ഗുണഭോക്താക്കൾക്ക് പ്ലാൻ ഫണ്ട് ലഭ്യതക്കുറവ് മൂലം തുക അനുവദിക്കാൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 സ്കൂളിലേയ്ക്ക് നാപ്കിൻ വെന്റിംഗ് മെഷീൻ വാങ്ങൽ - സർക്കാർ മാർഗ്ഗ നിർദ്ദേശം ഉറപ്പാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി തൻവർഷം താഴെപ്പറയുന്ന പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട്	146/25, സ്കൂളിലേയ്ക്ക് നാപ്കിൻ വെന്റിംഗ് മെഷീൻ വാങ്ങൽ
അടങ്കൽ	150000 (72600-ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, 77400- ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ്	147000 (72600-ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, 74400- ജില്ലാ പഞ്ചായത്ത് വിഹിതം)
ബിൽ നം./വൗച്ചർ നം/തീയതി, തുക	1) 22401096/30-03-2025, 72600 2) 63/21-03-25, 74400

പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 3 സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ ടാക്സ് ഉൾപ്പെടെ 49000രൂപ നിരക്കിൽ വാങ്ങുകയും ആകെ വിലയായ 147000 രൂപ ഓഡിറ്റ് കാലയളവിൽ സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട് (A/C No.57028693875). സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. PKD-600, തീയതി-11-03-25 പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്.

താഴെ പറയുന്ന സ്കൂളുകളിൽ ആണ് ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുള്ളത്

1. GHS മീനാക്ഷിപുരം

2. GHSS പെരുമാട്ടി

3. ശങ്കര നാരായണ UP സ്കൂൾ

പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.115/2022/LSGD, തീയതി.28.05.2022, സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.4.6 പ്രകാരം

സർക്കാർ/എയ്ഡഡ് ഹൈസ്ക്കൂൾ/ ഹയർ സെക്കണ്ടറി സ്ക്കൂൾ/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച്, അനുയോജ്യമായ കപ്പാസിറ്റിയുള്ള സാനിറ്ററി നാപ്കിൻ വെന്റിങ്ങ് മെഷീനുകളും സാനിറ്ററി നാപ്കിൻ ബേണിങ്ങ് മെഷീനും സ്ക്കൂളുകളിൽ സ്ഥാപിക്കേണ്ടതും അതിന് സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മാർഗ്ഗരേഖ അവലംബമാക്കേണ്ടതുമാണ്.

2) നാപ്കിൻ വെന്റിങ്ങ് മെഷീനുകളും നാപ്കിൻ ബേണിങ്ങ് മെഷീനും സ്ക്കൂളുകളിൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് എറ്റെടുക്കാവുന്നത്.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജില്ലാ പഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങൾ എറ്റെടുത്ത് നടപ്പാക്കേണ്ട പ്രോജക്ട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിരിക്കുന്നു. സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മാർഗ്ഗരേഖ പാലിച്ചാണോ സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ വാങ്ങിയത് എന്ന് ഉറപ്പാക്കിയിട്ടില്ല.

3) മാർഗ്ഗരേഖ പ്രകാരം മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പി.ടി.എ യുമായി കരാർ വയ്ക്കേണ്ടതും മെഷീൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി ഉണ്ടായിരിക്കേണ്ടതുമാണ്. മാത്രവുമല്ല തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് പി.ടി.എ ഏറ്റെടുക്കേണ്ടതുമാണ്.

പി.ടി.എ യുമായുള്ള കരാർ, കമ്പനിയുമായുള്ള എ.എം.സി എന്നിവ ഹാജരാക്കുന്നതിനും മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/04-10-2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സർക്കാർ അതാത് കാലയളവിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. മേൽ അപാകതകൾക്ക് വിശദീകരണം, പി.ടി.എ യുമായുള്ള കരാർ, കമ്പനിയുമായുള്ള എ.എം.സി എന്നിവ ഹാജരാക്കേണ്ടതാണ്.
3. ഖണ്ഡികയിൽ രേഖപ്പെടുത്തിയിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിലും, അനുമതിയില്ലാത്ത പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കിയതിനാലും ചെലവ് തുക 147000രൂപ തടസ്സപ്പെടുത്തുന്നു.

1-23 സ്പിൽ ഓവർ പ്രോജക്ട് രൂപീകരിക്കാതെ പദ്ധതി നടപ്പാക്കി

വെറ്ററിനറി സർജ്ജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന രണ്ട് പദ്ധതികൾ സ്പിൽ ഓവർ ആയി തുടർന്നെങ്കിലും സ്പിൽ ഓവർ പ്രോജക്ട് രൂപീകരിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല.

1) കറവ പശു വളർത്തൽ വനിത (ജനറൽ)

2023-24 വർഷം നടപ്പാക്കാനുദ്ദേശിച്ചു കൊണ്ട് രൂപീകരിച്ചെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് 2024-25 വർഷമാണ്. 17 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 30000 രൂപ വീതം നൽകുന്നതിനായി 2024-25 ൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം /തിയ്യതി	ഫണ്ട്	തുക
2/16.05.24	വികസനഫണ്ട് -ജനറൽ	90000
3/16.05.24	വികസനഫണ്ട് -ജനറൽ	120000
4/16.05.24	വികസനഫണ്ട് -ജനറൽ	90000
5/16.05.24	വികസനഫണ്ട് -ജനറൽ	90000
6/16.05.24	വികസനഫണ്ട് -ജനറൽ	60000
10/13.06.24	വികസനഫണ്ട് -ജനറൽ	60000
		5,10,000

2) പെണ്ണാട് വളർത്തൽ വനിത (എസ്.സി)

പദ്ധതിയിലെ 11 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ 7500 രൂപ വീതം നൽകുന്നതിനായി 2024-25 വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം /തിയ്യതി	ഫണ്ട്	തുക
7/16.05.24	വികസനഫണ്ട് -എസ്.സി.പി	**82,500**

14ാം പദ്ധതി, 2022-23 വർഷം മുതൽ 2026-27 വരെ കാലയളവിലേക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ബാധകമായ മാർഗ്ഗരേഖ സ.ഉ (കൈ) നം 84/2022/എൽ.എസ്.ജി.ഡി തിയ്യതി 19.04.2022 ഖണ്ഡിക 11 പ്രകാരം മാർച്ച് 31 നകം ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം തുടർവർഷം നടപ്പാക്കുന്ന അവസരത്തിൽ പ്രോജക്ടിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ മാറ്റങ്ങൾ വരുത്തേണ്ടതില്ലാത്ത കേസുകളിൽ വെറ്റിംഗും ഡി.പി.സി അംഗീകാരവും ആവശ്യമില്ലെങ്കിലും സ്പിൽ ഓവർ പ്രോജക്ട് രൂപീകരിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ പ്രതിപാദിച്ച 2 പദ്ധതികളും സ്പിൽ ഓവർ ആക്കിയിട്ടില്ല. സുലേഖ ചെലവ് പത്രികയിൽ ഈ പ്രോജക്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന് തൻവർഷം അനുവദിച്ച വികസനഫണ്ടിന്റെ ആകെ ചെലവ് കണക്കിൽ ഈ വ്യത്യാസം പ്രതിഫലിക്കുന്നുണ്ട്. സബ്സിഡി നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10/27.09.25) മറുപടിയായി വെറ്റിംഗ് ചെയ്തു ലഭിക്കുന്നതിന് കാലതാമസം ഉണ്ടായതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ ഉൾപ്പെടുത്തുമ്പോൾ സ്പിൽ ഓവർ പ്രോജക്ട് രൂപീകരിക്കേണ്ടതുമാണ്.

<u>1-24 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട വാങ്ങി നൽകൽ - പദ്ധതി പൂർത്തീകരണ രേഖകളില്ല</u>

1. പ്രോജക്ട് നം -197/25(S.O)

ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 200000

ചെലവ് - 193992 (ബിൽ നം 31/25/19.03.25)

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ജീവനോപാധിയായി പെട്ടിക്കട വാങ്ങി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. തീരുമാനം നം 2(12) 22.06.23 പ്രകാരം തെരഞ്ഞെടുത്ത 4 ഗുണഭോക്താക്കൾക്ക് പെട്ടിക്കട നൽകിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

1. മണി S/O വീരമുത്തു, ഹരിജൻ കോളനി മീനാക്ഷിപുരം
2. മുനിസ്വാമി,C/O വിജയകുമാരി ,വവ്വാക്കോട്, വിളയോടി.
3. മുരളി ,S/O കണ്ടൻ, എഴുത്താണി, പുതുശ്ശേരി
4. ചന്ദ്രൻ, വിളയോടി

ARTCO യിൽ നിന്നും ടാക്സ് ഉൾപ്പെടെ ഒന്നിന് 48498 രൂപ വിലമതിക്കുന്ന പെട്ടിക്കട കളാണ് വാങ്ങിയിരിക്കുന്നത്.

പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം 115/2022/ത.സ്വ.ഭ.വ തിയ്യതി 28.05.22ലെ നിർദ്ദേശ പ്രകാരം കച്ചവടത്തിന് അനുകൂലമായ സ്ഥലത്താണോ പെട്ടിക്കട സ്ഥാപിച്ചിട്ടുള്ളത് എന്നും റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിച്ചിട്ടില്ല തുടങ്ങിയ വിവരങ്ങളും ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പെട്ടിക്കട നടത്തിപ്പിനുള്ള അവകാശം മാത്രമാണ് ഗുണഭോക്താവിനുള്ളത്. പെട്ടിക്കടയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിനാണ്. എന്നാൽ പെട്ടിക്കടകൾ നൽകിയ വ്യക്തികളുമായി

നിർവ്വഹണോദ്യോഗസ്ഥൻ ഉടമ്പടി വച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 20/04.10.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പെട്ടിക്കട നടത്തിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ മോണിറ്റർ ചെയ്യേണ്ടതും രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

1-25 പഠനമുറി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

1. **പ്രോജക്ട് നം 70/25 (വികസനഫണ്ട് എസ്.സി.പി)**

അടങ്കൽ -600000

ചെലവ് - 510000 (90000-16/30.12.24, 180000-23/05.02.25, 80000-26/04.03.25, 80000-30/12.03.25, 80000-33/25.03.25)

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനായി അവരുടെ നിലവിലുള്ള വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് 4 ഗഡുക്കളായി 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.

ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. അക്ഷയ.എം- ആകെ 170000 നൽകി, 30000 അവസാനഗഡു നൽകിയിട്ടില്ല
2. ശോഭന.കെ - ആകെ 170000 നൽകി, 30000 അവസാനഗഡു നൽകിയിട്ടില്ല
3. വത്സല.വി - ആകെ 170000 നൽകി, 30000 അവസാനഗഡു നൽകിയിട്ടില്ല

2. **പ്രോജക്ട് നം 72/25**

അടങ്കൽ - 600000(വികസനഫണ്ട് ടി.എസ്.പി)

ചെലവ് – 460000 (170000-32/25.03.25, 60000-27/04.03.25, 60000-22/05.02.25, 80000-17/08.01.25, 60000-14/20.12.24, 30000-13/08.10.24)

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനായി അവരുടെ നിലവിലുള്ള വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് 4 ഗഡുക്കളായി 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.

എന്നാൽ ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. പി ശാന്ത - ആകെ 170000 നൽകി, 30000 അവസാനഗഡു നൽകിയിട്ടില്ല
2. ശ്രീജിത് ആർ - ആകെ 90000 നൽകി, 110000 രൂപ കൂടി നൽകാനുണ്ട്.

ഈ വിഷംയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/04.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടാണ് പഠനമുറി നിർമ്മാണത്തിന് തുക അനുവദിക്കുന്നത്. ആയതിനാൽ പഠനമുറി നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് പദ്ധതി - വിനിയോഗ വിവരം ഇല്ല

പ്രോജക്ട് നം., പേര്	331/25 കോക്ലിയർ ഇംപ്ലാന്റേഷൻ
നിർവഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ	50000വികസനഫണ്ട് (ജനറൽ)
ചെലവ്	50000- വികസനഫണ്ട് (ജനറൽ)

ബിൽ നം/ തീയതി	ബിൽ നം 19/29.11.25

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ സർജ്ജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിക്ക് 50,000രൂപ വീതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് നൽകാവുന്നതാണ്. തസ്വഭ (ഡി എ) വകുപ്പിന്റെ 09.11.23-ലെ സർക്കുലർ നം. ഡി എ 1/284/2023-തസ്വഭവ പ്രകാരം മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച തുക സാമ്പത്തികവർഷം ആദ്യം തന്നെ പ്രോജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് കൈമാറുന്നതിനും നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടിയുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം തുകയുടെ വിനിയോഗസാക്ഷ്യപത്രം തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും അജയ്.ബി, S/O ഭവദാസ് എന്ന കുട്ടിക്കായി 50000 രൂപ നൽകിയിട്ടുണ്ടെങ്കിലും വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

കോക്ളിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് സൗകര്യമുള്ള ആശുപത്രിയിൽ ഗുണഭോക്താവ് നേരിട്ട് ചെന്ന് മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് തുക നൽകിയതിന്റെ ട്രാൻസാക്ഷൻ രസീതിന്റെ ഒരു പകർപ്പ് ആശുപത്രിയിൽ സമർപ്പിക്കുകയും മെയിന്റനൻസിനാവശ്യമായി വന്ന തുക ആശുപത്രിക്ക് നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി പ്രവർത്തനം നടക്കുന്നത്. ആയതിനാൽ ഒരു വർഷം പരമാവധി എത്ര തുക ഈ ഇനത്തിൽ ചെലവാകുന്നു എന്ന കണക്ക് ഗുണഭോക്താവിന്റെ മെയിന്റനൻസ് പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ മോണിറ്ററിംഗ് കൃത്യമാക്കുന്നതിന് നടപടികളിലുണ്ടാകേണ്ടതാണ്. സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയുടെ നിരന്തരമായ ഇടപെടലുകളും നിരീക്ഷണവും ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-27 ജൽജീവൻ മിഷൻ പദ്ധതി അവലോകനം

രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024 പൂർത്തിയാകുമ്പോൾ കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്. ജന പങ്കാളിത്തത്തോടെ സമഗ്രവും ശാസ്ത്രീയവുമായ പ്രാദേശിക പദ്ധതികളിലൂടെ ഗ്രാമത്തിലെ എല്ലാ വീടുകളിലേക്കും എപ്പോഴും ശുദ്ധമായ കുടിവെള്ളം പ്രവർത്തന ക്ഷമമായ ടാപ്പിലൂടെ നൽകുക എന്നതു മാത്രമല്ല ഓരോ വീടിനും നിർദിഷ്ഠമായ ഗുണമേന്മയോടുകൂടി ദീർഘകാലത്തേക്ക് മുടങ്ങാതെ നൽകുക എന്നതാണ് ജലജീവൻ മിഷന്റെ ലക്ഷ്യം

ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതി നടത്തിപ്പു സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു. ജലജീവൻ മിഷൻ പ്രവർത്തന പുരോഗതി വിവരം അറിയുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/23.09.2025) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ഓഓ

- ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലായി 7478 കുടുംബങ്ങൾ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. വാർഡ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കിയിട്ടില്ല. 7478 കണക്ഷനുകളിൽ മുഴവനും പ്രവർത്തനക്ഷമമാക്കിയോ ഇനി എത്ര കണക്ഷനുകൾ നൽകാനുണ്ട് എന്ന വിവരം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കുടിവെള്ള കണക്ഷനുകൾ ഉണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ, ജല ശുദ്ധീകരണം, ജല ഗുണനിലവാര പരിപാലനം, ചുറ്റുമുള്ള നീർത്തടങ്ങളിലെ മണ്ണ് ജലം ജൈവ

സംരക്ഷണം, പരിപാലനം, മഴവെള്ള സംരക്ഷണം, കിണർ റീ ചാർജിംഗ് എന്നിവ ഏറ്റെടുത്ത് നടത്തി വരുന്നു.

.ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നതും ഗുണഭോക്തൃ സമിതി മുഖേന നടത്തുന്നതുമായ കുടിവെള്ള പദ്ധതികൾ നിലവിലില്ല.

.ജല മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. സ്കൂളുകളിലും കോളനികളിലും ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

.ജലജീവൻ മിഷൻ' പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ വാട്ടർ അതോറിറ്റിക്ക് നാളിതുവരെ കൈമാറിയിട്ടില്ല.

.ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ജലശുചിത്വ സമിതി രൂപീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാട്ടർ അതോറിറ്റിയുമായുള്ള ഏകോപനം മെച്ചപ്പെടുത്തി, വിഹിതം നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും പദ്ധതി പുരോഗതിയും വെല്ലുവിളികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും വേണം.

2. ഗ്രാമപഞ്ചായത്ത് ജലശുചിത്വ സമിതി രൂപീകരിച്ച് സമിതി മുഖേന പഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ആയതിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. കൃത്യമായ പരാതി പരിഹാര സംവിധാനം നടപ്പാക്കി നിലവിൽ കണക്ഷനുകൾ കൊടുക്കാൻ ബാക്കിയുള്ള കുടുംബങ്ങൾക്ക് കണക്ഷൻ നൽകാനും 100% ജല ലഭ്യത ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. വ്യാപകമായി ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന സാഹചര്യം, സ്വാഭാവിക ജലസ്രോതസ്സുകളെ സഹായിക്കുന്ന വനം, വയൽ, കാവുകൾ തണ്ണീർത്തടങ്ങൾ, എന്നിവയിലുണ്ടായ കുറവ്, സൂക്ഷ്മ കാലാവസ്ഥയിലെ മാറ്റം, പ്രകൃതിദുരന്തങ്ങൾ, മറ്റ് മുൻകൂട്ടി കാണാൻ കഴിയാത്ത വെല്ലുവിളികൾ എന്നിവ പരിഗണിച്ചുള്ള മുന്നൊരുക്കങ്ങളും മുൻകരുതലുകളും ജലശുചിത്വസമിതിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

1-28 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം മുതൽ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗവും ആയതിന്റെ ഫലപ്രാപ്തിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 6/23.09.25 ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് മുഖാന്തരം നടപ്പാക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദാശുപത്രിയും NHM ന് കീഴിൽ പ്രവർത്തിക്കുന്ന ഒരു ഹോമിയോ ഡിസ്പെൻസറിയുമാണുള്ളത്. 5 ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. ഇതിൽ മീനാക്ഷിപുരം ഉപകേന്ദ്രം, മൂപ്പൻകുളം ഉപകേന്ദ്രം എന്നീ രണ്ടു ഉപകേന്ദ്രങ്ങളുടെ പുനർനിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നുണ്ട്. ബാക്കിയുള്ള അയ്യപ്പൻകാവ്, വിളയോടി, കുറിയാർചള്ള എന്നിവ IPHS (Indian Public Health Standards) ന്റെ മാർഗ്ഗരേഖ പ്രകാരമുള്ള സൗകര്യങ്ങൾ ഇല്ല, എന്നാൽ നിലവിൽ അറ്റകുറ്റപ്പണികൾ ആവശ്യമില്ലാത്തവയാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

2022-23 വർഷം മുതൽ 31.03.2025 വരെ ലഭ്യമായ ഗ്രാന്റിന്റെയും നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും വിവരം

സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുബാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാനുള്ള

ധനസഹായം
2023-24 ലാണ് തുക ലഭ്യമായിട്ടുള്ളത്.

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	ആകെ	ചെലവ്	നീക്കി യിരിപ്പ്
2023-24	0	5611000	5611000	0	5611000
2024-25	5611000	190191	5801191	0	5801191

മീനാക്ഷിപുരം ഉപകേന്ദ്രം, മൂപ്പൻകുളം ഉപകേന്ദ്രം എന്നിവയുടെ പുനർനിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നുണ്ട്. എന്നാൽ തുക ചെലവാക്കിയിട്ടില്ല. നിർമ്മാണപ്രവർത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് ഉപകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

സ്കീം -3 (ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ) ക്ക് ലഭ്യമായ ഫണ്ട്

2022-23 സാമ്പത്തിക വർഷം മുതൽ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	ആകെ	ചെലവ്	നീക്കി യിരിപ്പ്
2022-23	0	268292	268292	19070	249222
2023-24	249222	1024489	1273711	282373	991338
2024-25	991338	455089	1446427	706498 (**)	739929

സ്കീം 4 (ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ) ക്ക് ലഭ്യമായ ഫണ്ട്.

2022-23 വർഷം മുതൽക്ക് ഫണ്ട് ലഭ്യമായി.

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	ആകെ	ചെലവ്	നീക്കി യിരിപ്പ്
2023-24	0	422975	422975	149560	273415
2024-25	273,415	669090	942505	345557	596948 (***)

** ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) - സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 705953രൂപയാണ്. 545 രൂപയുടെ വ്യത്യാസം ഉണ്ട്.

***ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres) B-4, B-17 പ്രകാരം നീക്കിയിരിപ്പ് 628267 ആണ്.

കണക്കുകൾ 2024-25 വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

സ്കീം 3 ഫണ്ടുകൾ വിനിയോഗിച്ച് ലാബോറട്ടറി ഉപകരണങ്ങളും മരുന്നുകളും വാങ്ങിയിട്ടുണ്ട്. സ്കീം 4 ഫണ്ട് വിനിയോഗിച്ച് ലാബിലേക്കാവശ്യമായ ക്ലോട്ട് ആക്ടിവേറ്റർ, ഡെങ്കു കിറ്റ്, ഫുളി ഓട്ടോമേറ്റഡ് ബയോ കെമിസ്ട്രി അനലൈസർ എന്നിവയുൾപ്പെയുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ ഹെൽത്ത് ഗ്രാന്റ് വിനിയോഗമോ കെട്ടിടങ്ങളുടെ ഭൗതികസാഹചര്യങ്ങൾ സംബന്ധിച്ചോ പ്രത്യേകം ചർച്ച ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- .ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- .ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനവും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ് .

.കുടുംബാരോഗ്യകേന്ദ്രത്തോടൊപ്പം ആരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും വെൽനെസ്സ് പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്നതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് ആരോഗ്യ ഇൻഷൂറൻസ് -പ്രീമിയം തുക അടവാക്കിയ വിവരങ്ങൾ

സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിയുടെ ഇൻഷുറൻസ് പ്രീമിയം അടവാക്കുന്നതിന്റെ വിവരങ്ങൾ ചുവടെചേർക്കുന്നു.

1. 31.03.2024 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

2024-2025 സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
18	97000	97000	0	-

2) 01-04-2024 മുതൽ 30-06-2024വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ- ഇല്ല

3) 01-07-2024 മുതൽ 31-07-2024 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ- ഇല്ല

4) 01-08-2024 മുതൽ 31-03-2025 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ- ഇല്ല

(എൻകയറി നം 2/23.09.25 നു ലഭ്യമായ മറുപടി പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.)

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25	23.09.2025 മുതൽ 30.09.2025വരെ	അനുബന്ധമായി ചേർത്തിട്ടുണ്ട്

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ട്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	2528	പാലിയേറ്റീവ് കെയർ	2528	0
	2018-19	854562	മാലിന്യ സംസ്ക്കരണ പ്ലാന്റ്	854562	0
	2019-20	95000	ലൈഫ് ഭവനം SO 142/21	31722	63278

	2024-25	204000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് 59/25	204000	0
	2024-25	1540000	ലൈഫ് മിഷൻ - എസ് സി പി SO 158/25	1540000	
	2024-25	470000	ലൈഫ് മിഷൻ - എസ് സി പി 27/25	470000	
		560000	ലൈഫ് മിഷൻ - ജനറൽ 301/25	560000	
		202528	സാന്ത്വന ചികിത്സ പരിപാടി 163/25	202528	0
	2024-25	385750	സമഗ്ര നെൽകൃഷി വികസനം - വനിത 52/25	385750	0
	2024-25	930429	സമഗ്ര നെൽകൃഷി വികസനം 51/25	930429	
			ആകെ (മുന്നിരിപ്പൊഴികെ)	**4292707**	
ജില്ലാപഞ്ചായത്ത്	2019-20	172604	ലൈഫ് മിഷൻ- 28/21	172604	0
	2024-25	1000000	ലൈഫ് മിഷൻ - ജനറൽ 301/25	1000000	0
	2024-25	1500000	ലൈഫ് മിഷൻ - എസ് സി പി SO 158/25	1500000	0
	2024-25	802500	സമഗ്ര നെൽകൃഷി വികസനം - വനിത 52/25	802500	0
	2024-25	1935630	സമഗ്ര നെൽകൃഷി വികസനം 51/25	1935630	0
	2024-25	48000	സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽ 316/25	48000	0
	2024-25	437500	എം.സി.എഫ് - ലേയ്ക്ക ബെയ്ലിലിംഗ് മെഷീൻ വാങ്ങുന്നതിന് 317/25	437500	0
	2024-25	249971	എം.സി.എഫ് - ൽ സിസിടിവി സ്ഥാപിക്കൽ 360/25	249971	0
	2024-25	74400	സ്കൂളിലേയ്ക്ക് നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ 146/25	74400	0
	2024-25	600000	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി SO 209/25	600000	0
	2024-25	600000	ക്ഷീരകർഷകർക്ക് പാലിന്	600000	0

			സബ്സിഡി 80/25		
			ആകെ (മുന്നിരിപ്പൊഴികെ)	**7248001**	

മുന്നിരിപ്പ് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവല്ല. മുൻവർഷത്തെ ചെലവ് ക്രമീകരിച്ചിട്ടുള്ളതാണ്. ജില്ലാ പഞ്ചായത്ത് സുലേഖ പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4-4 നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകിയ വിവരം

ക്രമ നം	പ്രൊജക്ട്	അടങ്കൽ	ചെലവ്	ബിൽ നം	സ്ഥാപനം	യുസി കിട്ടിയ വിവരം
1	40/25 ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	140000 വികസന ഫണ്ട് (സാധാ)	139727	139727-38/ 18.03.25	KSEB വണ്ടിത്താവളം	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി
2	155/25 എസ്.ടി കോളനികളിലേക്ക് തെരുവ് വിളക്കിന് പ്രത്യേക ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ	996855 വികസനഫണ്ട് (ടി.എസ്.പി)	996855	1.498428- ബിൽ നം 14/26.10.24 2. 498427 ബിൽ നം 15/12.11.24	KSEB വണ്ടിത്താവളം	വിനിയോഗ വിവരം ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്ന വിവരം അറിയിച്ചു.

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-6 വായ്പ / വായ്പാതിരിച്ചടവ്

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

ഉദ്ദേശ്യം	വായ്പയുടെ പേര്	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ചത്	ആകെ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
						മുതൽ	പലിശ	
ലൈഫ് മിഷൻ ഹഡ്കോ ലോൺ	KURDFC	-	31421134	0	31421134	3927073	-	27494061

4-7 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	1000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന	1000

സ്ഥിരനിക്ഷേപം	

420800101 ഹെഡിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 ൽ Investment – Fixed Deposit എന്ന ഇനമായി 1000 രൂപ കാണുന്നു. ആയത് വർഷങ്ങളായി തുടർന്നു വരുന്നതായി കാണുന്നു. ഇപ്രകാരമൊരു ഇൻവെസ്റ്റ്മെന്റ് നിലവിൽ പഞ്ചായത്തിലില്ല. പരിശോധിച്ച് വാർഷിക കണക്കിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 548339/- രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	തുക	രസീതി നം. /തിയതി	തുക ഒടുക്കിയത്
2004-05	2-2	4380	1240103177/ 30.01.2025	ശാന്തലിംഗം കെ
2023-24,	ഓഡിറ്റ് അന്വേഷണം നം .11	480682	1240100914/ 18-07-24	ടെണ്ടർ ഫോമുകളുടെ വില അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് അടവാക്കിയത്(*)
1999-2000	2-4	2500	1240101227/ 27-08-2024	സെക്രട്ടറി, മുലത്തറ സർവ്വീസ് സഹകരണബാങ്ക്
1998-99	25	837	1240101268/ 30-08-2024	പത്മനാഭൻ, S/O കുഞ്ചു.
1998-99	27	589	1240101333/ 04-09-2024	സച്ചിദാനന്ദൻ
2005-2006	3-2(4)	1938	1240101334/ 04-09-2024	ഗോപാലൻ, S/O മുത്തു
2003-04	2-1	1250	1240101370/ 06-09-2024	സെക്രട്ടറി
2001-2002	3-4	3142	1240101421/ 11-09-2024	എൻ. സൗദേവൻ
1999-2000	2-4	2500	1240101536/ 20-09-2024	മാനേജർ
2005-2006	3-7	22396	1240101871/ 09-10-2024	ടി.ഹൃദയരാജ്
2000-01	3-8	9542	1240102013/ 30-10-2024	എൻ. സൗദേവൻ (സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06)
2006-07	3-4	1536	1240103803/ 20-02-2025	എ.ആർ പീതാംബരൻ, റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ
2023-24	ഓഡിറ്റ് അന്വേഷണം നം 10	17047	1240100913/ 18-07-2024	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ലഭ്യമായ വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.
(*) ഈ തുക ഓഡിറ്റ് റിക്കവറി ഹെഡിൽ തെറ്റായി വരവ് വെച്ചിട്ടുള്ളതാണ്.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	3-8	2005-06	2.59.1-	ഖാദി ഉത്പാദന സമുച്ചയം അപൂർണ്ണം 2014-16 35 Th Report	9542/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. റവന്യൂ റിക്കവറി

					Pg-41 Para 88	ത്വരിതപ്പെടുത്തേണ്ടതാണ് പഞ്ചായത്ത് എത്രയും വേഗം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്, സർചാർജ് നടപടി വഴി തുക ഈടാക്കിയിട്ടില്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	തുക (രൂപ)
മുന്നിരിപ്പ് ഉൾപ്പെടെ ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹103833273
ഓഡിറ്റ് വർഷത്തെ ചെലവ്	₹50815360
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം	4400
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	147000

-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
1-22	147000	ശ്രീമതി. ഗുണലക്ഷ്മി, ഹെഡ്മിസ്ട്രസ്
ആകെ	147000	

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
1-14(1)	4400	ശ്രീ.രജീഷ് കുമാർ.സി.സി, സെക്രട്ടറി
ആകെ	4400	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ശ്രീ.രജീഷ്	സെക്രട്ടറി, മരുതറോഡ്	ശ്രീ. ശ്രീ.രജീഷ്

കുമാർ.സി.സി, സെക്രട്ടറി	ഗ്രാമപഞ്ചായത്ത്	കുമാർ.സി.സി, അണിക്കോട്, കരിയംകോട്(PO) പാലക്കാട്, 678532
ശ്രീമതി.ഗുണലക്ഷ്മി ഹെഡ്മിസ്ട്രസ്	ഹെഡ്മിസ്ട്രസ്നെല്ലിമേട് ജി.യു.പി.എസ്	ശ്രീമതി. ഗുണലക്ഷ്മി 14/481, പ്രണവം, പനംതൊടിക, മന്നത്ത്കാവ്, തണ്ണിശ്ശേരി(PO) – 678501

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	KSAD-PKD.11/822 /2018/06.09.2018 – അദാലത്ത്	1
1998-99		2
1999-00		4
2000-01		0
2001-02		2
2002-03		3
2003-04		3
2004-05		3
2005-06		5
2006-07		1
2007-08	എൽ.എഫ്.പി.11/1077 /15/3.8.15	2
2008-09	എൽ.എഫ്.പി.11/95 /14/17.9.2015	3
2009-10	എൽ.എഫ്.പി.11/92/15/5.6.17	2
2010-11	എൽ.എഫ്.പി.11/1155 /2014/11.3.13	6
2011-12	എൽ.എഫ്.പി(8)1521/14 /07.01.2015	3
2012-13	എൽ.എഫ്.പി.11/616 /15/17.9.15	5
2013-14 &2014-15	എൽ.എഫ്.പി(8)1750/15 /19.01.16	8
2015-16	എൽ.എഫ്.പി(8)/614 /2017/20.05.2017	5
2016-17	എൽ.എഫ്.പി(8)/2095 /2017/24.11.2017	5
2017-18	നം.കെ.എസ് എ പി കെ ഡി -8/1045/2019 തീയതി : 04.09.2019	15
2018-19	നം. കെ.എസ്.എ-	7

	പി.കെ.ഡി.8/1598/2019 തീയതി : 19.03.2020	
2019-20	നം. കെ.എസ്.എ-പി.കെ.ഡി.8-625/2022 തീയതി : 15.06.2022	3
2020-21	No.KSA.PKD.8-906/2022 തീയതി : 18-06-22	7
2021-22	No.KSA Pkd-24/2146 തീയതി: 10-10-2022	19
2022-23	കെ.എസ് . എ.(പി.കെ.ഡി) പി.11/1423/23 തീയതി: 06.12.2023	20
2023-24	കെ.എസ് . എ.(പി.കെ.ഡി) പി.11/1096/24 തീയതി: 05.10.2024	8

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 03-07-2025 and submitted on 07-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Perumatty Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Perumatty Grama Panchayat as on 31-03-2025

Date: 04/11/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Perumatty Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1.The net cash generated does not match with the amount shown in the statement as Net increase in cash & cash equivqlents in the Cash flow statement.

2.The Total Expenditures of Development Fund General, TSP, CFC Grant, and Health Grant in the AFS do not match with the respective funds in the Sulekha Expenditure Statement.

3.Asset register is not updated. Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance sheet could not be ascertained.

4.All the mandatory financial statements prescribed in Kerala Panchayat Raj Act (accounting rules) 2011 are not furnished with the AFS.

5.As per B4 Schedule there is a balance of Rs. 6,22,923/- as Benefiary Contribution. Details of the amount is not furnished.

DEPUTY DIRECTOR

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
വാർഷികകണക്ക് സംക്ഷിപ്തം

PerumattyGramaPanchayat BALANCE SHEET			
For the period from 01-04-2024 to 31-03-2025			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	23745112.35
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	35000.00
312000000	Reserves	B-3	198141673.00
	Total Reserve & Surplus		221921785.35
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	22662519.00
	Total Grants, Contributions for Specific Purposes		22662519.00
	Loans		
330000000	Secured Loans	B-5	27494061.00
331000000	Unsecured Loans	B-6	0.0
	Total Loans		27494061.00
	Current Liabilities & Provisions		
340000000	Deposits Received	B-7	877729.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	3471799.65
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		4349528.65
	TOTAL LIABILITIES		276427894.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	149361.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	0.0
414000000	Annual Plan - Capital Expences (Service Sector)	B11-(d)	77626067.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	171340237.00
416000000	Accumulated Depreciation	B-11(a)	-68031543.00
	Total Fixed Assets		181084122.00
	Investments		
420000000	Investments-General Fund	B-12	1000.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		1000.00
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	11683365.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	27094061.00
450000000	Cash and Bank Balance	B-17	53017913.00
460000000	Loans, Advances and Deposits	B-18	3547433.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		95342772.00
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		0.0
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		0.0
	TOTAL ASSETS		276427894.00

RECEIPT & PAYMENT STATEMENT			
For the period from 01-04-2024 to 31-03-2025			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	46145832.00
Cash	Cash	RP-40(a)	0.0
	Operating		
110000000	Tax Revenue	RP-1	1965070.00
130000000	Rental income from Panchayat Properties	RP-3	9000.00
140000000	Fees & User Charges	RP-4	1781401.00
150000000	Sale & Hire Charges	RP-5	535776.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	21189151.00
171000000	Interest Earned	RP-9	829407.00
190000000	Prior Period Income	RP-11	160400.00
320000000	Grants, Funds & Contributions for Specific Purposes	RP-30	22531050.00
431000000	Sundry Debtors (Receivables)	RP-45	6895008.00
	Non Operating		
180000000	Other Income	RP-10	558639.00

340000000	Deposits Received	RP-33	223879.00
350000000	Other Liabilities	RP-35	1008660.00
	Grand total		103833273.00
	PAYMENTS		
	Operating		
320000000	Grants, Funds & Contributions for Specific Purposes	RP-30	105890.00
431000000	Sundry Debtors (Receivables)	RP-45	10786772.00
460000000	Loans, Advances and Deposits	RP-49	100000.00
	Non Operating		
340000000	Deposits Received	RP-33	96259.00
350000000	Other Liabilities	RP-35	39726439.00
	Closing Balance		
Bank	Bank	RP-40(b)	53005442.00
Cash	Cash	RP-40(b)	12471.00
	Grand Total		103833273.00

INCOME & EXPENDITURE STATEMENT

For the period from 01-04-2024 to 31-03-2025

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	6412066.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	161748.00
140000000	Fee & User Charges	I-4	1994120.00
150000000	Sale & Hire Charges	I-5	535776.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	214713154.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	829407.00
180000000	Other Income	I-9	558639.00
190000000	Prior Period Income	I-19	197727.00
	Total Income		225204910.00
	EXPENDITURE		
210000000	Establishment Expenses	I-10	13736794.00
220000000	Administrative Expenses	I-11	1852769.00
230000000	Operations & Maintenance	I-12	2933813.00
240000000	Interest & Finance Charges	I-13	492.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	20639040.00
251000000	Decentralised Plan Programme-Service Sector	I-14(A)	38550849.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	8501733.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	49134099.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	73621500.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	2750704.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	53366217.00
	Total Expenditure		265088010.00
	Gross Surplus / Deficit of income over Expenditure		-39883100.00
	Gross Surplus / Deficit of income over Expenditure		-39561624.00
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	-519203.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		-321476.00